പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 908 — 11/07/2016 ൽ മറുപടിക്ക്

## റവന്യൂ സർവ്വേ അദാലത്തുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.ടി. തോമസ്<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. എ.പി.അനിൽകുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലത്ത് റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്.<br>സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മുൻ സർക്കാരിന്റെ കാലത്ത് റവന്യൂ -സർവ്വേ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ദീർഘനാളായി പരിഹരിക്കപ്പെടാതെ കിടന്നിരുന്നതും, എന്നാൽ നിയമക്കുരുക്കുകളോ, കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്ക് സേവനം നൽകുകയുമാണ് അദാലത്ത് കൊണ്ട് ഉദ്ദേശിച്ചത്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് റവന്യൂ സർവ്വേ അദാലത്തുകൾ വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) റവന്യൂ സർവ്വേ വകുപ്പുകളിൽ 31/10/2014 വരെ നിലവിലുണ്ടായിരുന്നതും 01/11/2014 മുതൽ 20/12/2014 വരെ ലഭിച്ചതുമായ ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കിയും, പൊതുജനങ്ങളിൽ നിന്ന് പരാതികൾ നേരിട്ട് സ്വീകരിച്ചും പൂർണ്ണമായ പ്രശ്നപരിഹാരത്തിന് വഴിയൊരുക്കുകയുമായിരുന്നു അദാലത്തിന്റെ ലക്ഷ്യം. |
| (സി) അദാലത്തുകൾ മുഖേന എത്ര ലക്ഷം പരാതികളിന്മേൽ പരിഹാരം ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ; | (സി) 3,73,323 പരാതികളിന്മേൽ പരിഹാരം ഉണ്ടായിട്ടുണ്ട്. |
| (ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ? | (ഡി) റവന്യൂ-സർവ്വേ അദാലത്തിന്റെ നടത്തിപ്പിനായി ഓരോ ജില്ലയിലും നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തുകയും ഓരോ താലൂക്കിലേയും ചാർജ്ജ് ഓഫീസർമാരെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയും കൂടാതെ ഓരോ താലൂക്കിലും അഡീഷണൽ തഹസീൽദാർമാർ, ഡെപ്യൂട്ടി തഹസീൽദാർമാർ എന്നിവരുടെ നേതൃത്വത്തിൽ വിഷയാടിസ്ഥാനത്തിൽ ഓരോ ടീം രൂപീകരിച്ച് പുരോഗതി വിലയിരുത്തിയും പരാതികൾക്ക് പരിഹാരം കാണാൻ ശ്രമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ